**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6217** **17-03-2023 - ൽ മറുപടിയ്ക്ക്**

**മണിയൂർ ഗ്രാമപഞ്ചായത്തിൽ സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | കുറ്റ്യാടി മണ്ഡലത്തിൽ മണിയൂരിൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള അനുകൂല സാങ്കേതിക പഠന റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മണിയൂർ പഞ്ചായത്തിലെ വടകര നഗരസഭയുടെ കൈവശമുള്ള സ്ഥലം 03.02.2023-ന് വടകര നഗരസഭ അധികൃതരും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. പ്രസ്തുത സ്ഥലത്തേക്ക് പ്രവേശിക്കുവാനുള്ള റോഡിന് വേണ്ടത്ര വീതിയില്ല എന്ന് പരിശോധന സമയത്ത് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ പ്രസ്തുത സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി ലിമിറ്റഡിലേക്ക് കൈമാറുന്നത് സംബന്ധിച്ച വടകര നഗരസഭയുടെ തീരുമാനം, സ്ഥലത്തിന്റെ മറ്റു രേഖകളുൾപ്പെടെ നഗരസഭയിൽ നിന്നും ലഭ്യമാവേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള തീരുമാനമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ